# അണ്ണാറക്കണ്ണന്റെ മുത്തുമാല

സത്യൻ താന്നിപ്പുഴ

പാചകക്കാരൻ കുഞ്ഞാണ്ടിയുടെ മുറ്റത്തു നിന്ന ചെ ന്തെങ്ങിന്റെ മുകളിൽ കൂടുണ്ടാക്കി ഒരു അണ്ണാറക്കണ്ണൻ പാർത്തിരുന്നു. ഒരു ദിവ സം അണ്ണാറക്കണ്ണന് പായസം കുടിക്കാൻ കൊതി തോന്നി.

അണ്ണാറക്കണ്ണൻ തെങ്ങിൽ നിന്ന് താഴെ ഇറങ്ങി വന്ന് കുഞ്ഞാണ്ടിയോടു പറഞ്ഞു:

"കുഞ്ഞാണ്ടി മുത്തച്ഛാ....
കുഞ്ഞാണ്ടി മുത്തച്ഛാ...
എനിക്ക് കൊതിയാകുന്നു
പായസം കുടിക്കാൻ.
പായസം ഉണ്ടാക്കിത്തരാമോ?"

അണ്ണാറക്കണ്ണന്റെ ആവശ്യം കേട്ട പ്പോൾ കുഞ്ഞാണ്ടി പറഞ്ഞു:

"അണ്ണാനും ആമയ്ക്കും
പായസമുണ്ടാക്കലല്ല
എന്റെ പണി!"

കുഞ്ഞാണ്ടിയുടെ സംസാരം കേട്ടപ്പോൾ അണ്ണാറക്കണ്ണനു സങ്കടം വന്നു. അവൻ പറഞ്ഞു:

"അണ്ണാറക്കണ്ണനെ അവഗണിച്ചാൽ
നഷ്ടം വരുമെന്നോർത്തോ
കുഞ്ഞാണ്ടി മുത്തച്ഛാ...
ചെന്തെങ്ങിലെ കരിക്കെല്ലാം
കരണ്ട് തുളച്ച് വെള്ളം
കുടിക്കും ഞാൻ."

അണ്ണാറക്കണ്ണന്റെ സംസാരം കേട്ടപ്പോൾ കുഞ്ഞാ ണ്ടിക്കു വേവലാതിയായി. കുഞ്ഞാണ്ടി അണ്ണാറക്കണ്ണനോ ട് പറഞ്ഞു:

"അണ്ണാറക്കണ്ണാ പുന്നാരക്കുട്ടാ
തെങ്ങിലെ കരിക്ക് കരണ്ടു കളയല്ലേ
പേരക്കുട്ടിയുടെ പിറന്നാളിന്
പായസം നിനക്ക് തരാം."

ദിവസം നാലഞ്ചു കഴിഞ്ഞു. പേരക്കുട്ടിയുടെ പി റന്നാൾ വന്നു. അന്നു കുഞ്ഞാണ്ടി വീട്ടിൽ സദ്യയൊരു ക്കി, അണ്ണാറക്കണ്ണന് വയറ് നിറയെ പായസം കൊടുത്തു. അണ്ണാറക്കണ്ണൻ പായസം കുടിച്ച് ഏമ്പക്കം വിട്ടുകൊണ്ട് കുഞ്ഞാണ്ടിയോട് നന്ദി പറഞ്ഞു. സന്തോഷത്തോടെ തി രിച്ചു പോയി.

പോകുന്ന വഴി മരപ്പണിക്കാരൻ മാതേവനെ കണ്ടു. അണ്ണാറക്കണ്ണൻ മാതേവനോട് പറഞ്ഞു:

"മരപ്പണിക്കാരാ മാതേവാ...
എനിക്കൊരു വീടുണ്ടാക്കിത്തരാമോ?"

മരപ്പണിക്കാരൻ മാതേവൻ പറഞ്ഞു:

"അണ്ണാനും കുരങ്ങനും
വീടുണ്ടാക്കലല്ല എന്റെ പണി.
മനുഷ്യർക്ക് തന്നെ വീടുണ്ടാക്കാൻ നേരമില്ല.
പിന്നെയെങ്ങനെ നിനക്ക് വീടുണ്ടാക്കും?
നീ മറ്റാരോടെങ്കിലും
ചെന്നു പറയൂ...."

മരപ്പണിക്കാരൻ മാതേവന്റെ മറുപടി കേട്ടപ്പോൾ അണ്ണാറക്കണ്ണന് സങ്കടം വന്നു. അവൻ മാതേവനോടു പറഞ്ഞു:

"മരപ്പണിക്കാ
രാ മാതേവാ...
അണ്ണാനെ
അവഗണിച്ചാൽ
മുറ്റത്തെ മൂവാ
ണ്ടൻ മാവിന്റെ



മാങ്ങ മുഴുവനും ചെമ്പഴം.
കൊള്ളുമ്പോൾ കടിച്ചു
മുറിച്ചു താഴെ ഇടും ഞാൻ!"

മാങ്ങ കടിച്ചുമുറിച്ചു കളയുമെന്ന് കേട്ടപ്പോൾ മരപ്പണിക്കാരൻ മാതേവന് അങ്കലാപ്പായി. മരപ്പണിക്കാരൻ മാതേവൻ അണ്ണാറക്കണ്ണനോട് പറഞ്ഞു:

"അണ്ണാറക്കണ്ണാ പുന്നാരക്കുട്ടാ...
മൂവാണ്ടൻ മാവിന്റെ മാങ്ങ
കടിച്ചുമുറിച്ചു കളയരുത്.
ഞാൻ നിനക്ക് വീടുണ്ടാക്കിത്തരാം."

മരപ്പണിക്കാരൻ മാതേവൻ ഒരു കൂടുണ്ടാക്കി മൂവാണ്ടൻ മാവിന്റെ കൊമ്പിൽ ഉറപ്പിച്ചു കൊടുത്തു. അണ്ണാറക്കണ്ണൻ പുതിയ കൂട്ടിൽ താമസമുറപ്പിച്ചു.



ഒരു ദിവസം അണ്ണാറക്കണ്ണൻ കൂട്ടിൽ നിന്നിറങ്ങി കോരപ്പന്റെ വീട്ടിലേക്കു ചെന്നു. കോരപ്പൻ കൊക്കോമരത്തിന്റെ ചുവട്ടിലിരുന്ന് മുത്തുമാല കോർക്കുകയായിരുന്നു. അണ്ണാറക്കണ്ണൻ കോരപ്പനോട് ചോദിച്ചു:

"മുത്തുമാല കോർക്കുന്ന കോരപ്പൻ ചേട്ടാ, എന്റെ കഴുത്തിലണിയാൻ ഒരു മുത്തുമാല ഉണ്ടാക്കിത്തരാമോ?"

"അണ്ണാനും കുറുക്കനും മാലയുണ്ടാക്കാൻ എനിക്കു നേരമില്ല. മനുഷ്യർക്ക് മാലയുണ്ടാക്കലാണ് എന്റെ പണി." കോരപ്പൻ പറഞ്ഞു.

"അണ്ണാനെ അവഗണിച്ചാൽ
നഷ്ടം സംഭവിക്കും കട്ടായം
കൊക്കോ കായകളെല്ലാം
കടിച്ചു മുറിച്ചു തുളക്കും ഞാൻ!"
അണ്ണാറക്കണ്ണൻ പറഞ്ഞു.

കൊക്കോ കായകളെല്ലാം കടിച്ചുമുറിക്കുമെന്നു കേട്ടപ്പോൾ കോരപ്പനു പേടിയായി. കോരപ്പൻ അണ്ണാറക്കണ്ണനോട് ലോഹ്യം കൂടി പറഞ്ഞു:

"അണ്ണാറക്കണ്ണാ സുന്ദരക്കുട്ടാ...
നിനക്കു കഴുത്തിലണിയാൻ
നല്ലൊരു മുത്തുമാല തരാം."

കോരപ്പൻ നൂൽക്കമ്പിയിൽ മുത്തുകൾ കോർത്ത് മാലയുണ്ടാക്കി അണ്ണാറക്കണ്ണന്റെ കഴുത്തിൽ കെട്ടിക്കൊടുത്തു.

അണ്ണാറക്കണ്ണൻ മാലയണിഞ്ഞ് ചാടിയോടി നടന്നു.

ഇതു കണ്ടപ്പോൾ കൂട്ടുകാരായ അണ്ണാറക്കണ്ണന്മാർ പറഞ്ഞു: "നിന്റെയീ പോക്ക് അപകടമാണ്. മരം ചാടി നടക്കുന്നവർക്ക് കഴുത്തിൽ കമ്പിയിൽ കോർത്ത മാല വേണ്ട."

കൂട്ടുകാരുടെ ഉപദേശം അണ്ണാറക്കണ്ണൻ സ്വീകരിച്ചില്ല. അവൻ മാല കഴുത്തിൽ ധരിച്ച് ഗമയിൽ മരങ്ങളിലൂടെ ചാടി ഓടി നടന്നു. അപ്പോൾ ഒരു മരക്കൊമ്പിൽ മാല ഉടക്കി. അണ്ണാറക്കണ്ണൻ കിടന്നു പിടച്ചു കരഞ്ഞു. വളരെ നേരത്തെ പരിശ്രമത്തിനു ശേഷം അണ്ണാറക്കണ്ണൻ മാലയിൽ നിന്ന് കഴുത്ത് വലിച്ചെടുത്ത് രക്ഷപ്പെട്ടു.

പിന്നീട് ഒരിക്കലും ആഡംബരങ്ങൾ വേണമെന്ന ആഗ്രഹം അണ്ണാറക്കണ്ണനു തോന്നിയിട്ടില്ല.

✦